LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീയ്ക്ക് അനുവദിച്ച തുക

207 (3047) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ കുടുംബശ്രീയ്ക്ക് അനുവദിച്ചു നൽകിയ തുകയുടെ ഓരോ വർഷത്തേയും കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കുടുംബശ്രീയ്ക്ക് ഓരോ വർഷവും അനുവദിച്ചുനൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരെ പഞ്ചായത്തുകളിൽ നിലനിർത്തുന്നത്

208 (3048) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയതിന്റെ ഭാഗമായും പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ കൂട്ടിച്ചേർത്തതിന്റെ ഭാഗമായും ഇല്ലാതായ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാരെ പഞ്ചായത്തുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയതിന്റെ ഭാഗമായും പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ കൂട്ടിച്ചേർത്തതിന്റെ ഭാഗമായും ഇല്ലാതായ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരിൽ കൊല്ലം, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെട്ടന്ന 6 ഗ്രാമപഞ്ചായത്തുകളെ ബന്ധപ്പെട്ട കോർപ്പറേഷന്റെ സോണൽ ഓഫീസുകളായി നിലനിറുത്തുകയും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ താൽക്കാലിക സംവിധാനം എന്ന നിലയിൽ അവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയം നഗരസഭാ സോണൽ ഓഫീസായി പരിവർത്തനം ചെയ്യുമ്പോൾ പ്രസ്തുത സോണൽ ഓഫീസിന്റെ അധിക പൂർണ്ണ ചുമതല അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ

ഉദ്യോഗസ്ഥരും നഗരകാര്യ വകുപ്പിൽനിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ അതാത് സോണൽ ഓഫീസുകളിൽ തന്നെ തൽക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. 27 മുനിസിപ്പാലിറ്റികളായി മാറുന്ന 31 ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അതാത് മുനിസിപ്പാലിറ്റികളിലെ മുനിസിപ്പൽ സെക്രട്ടറിമാരുടെ അധിക പൂർണ്ണ ചുമതല നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതാത് മുനിസിപ്പാലിറ്റികളിൽ തന്നെ തൽക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിലനിറുത്തിയും ഉത്തരവായിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ക്ഷേമപെൻഷൻതുകകളുടെ ട്രാൻസ്ഫർ ചെയ്യൽ

209 (3049) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിൽനിന്നും മറ്റൊരു തദ്ദേശസ്ഥാപനത്തിന്റെ കീഴിലേക്ക് താമസം മാറുന്നവരുടെ ക്ഷേമപെൻഷൻ പുതിയ തദ്ദേശ സ്ഥാപനത്തിലേക്ക് ട്രാൻസ്ഫർ ചെയ്യ നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) ഇപ്രകാരം ക്ഷേമപെൻഷനുകൾ ട്രാൻസ്ഫർ ചെയ്യ നൽകാൻ കഴിയാത്തതിനാൽ ലഭിച്ചുകൊണ്ടിരുന്ന ക്ഷേമപെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പുതിയ വാസസ്ഥലത്തെ വിലാസത്തിൽ റേഷൻകാർഡും തിരിച്ചറിയൽ രേഖകളും ലഭിക്കും വരെ പുതുതായി ക്ഷേമപെൻഷന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് ക്ഷേമപെൻഷൻ ട്രാൻസ്ഫർ ചെയ്യ നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ക്ഷേമപെൻഷനുകൾ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിലില്ല.

(ബി) താമസം മാറുന്ന തദ്ദേശഭരണ സ്ഥാപനത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകാവുന്നതാണ്. അർഹതയുള്ളപക്ഷം പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല.

(സി) ഗുണഭോക്താവിന്റെ അർഹത പുതിയ താമസസ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ബോദ്ധ്യപ്പെട്ട് പെൻഷൻ അനുവദിക്കേണ്ടതുള്ളതിനാൽ ട്രാൻസ്ഫർ ചെയ്യുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly